(ബി) അതിൽ എത്ര ബസ്സുകൾ വാങ്ങി; ബാക്കിയുള്ളവ എന്നത്തേയ്ക്ക് ലഭിക്കും;

(സി) എത്ര എണ്ണം നിരത്തിലിറക്കി സർവ്വീസ് നടത്തി;

(ഡി) ഇനിയും എത്ര എണ്ണത്തിന് ബോഡി പണിതു കിട്ടാനുണ്ട്;

(ഇ) ഈ ബസ്സുകൾക്കെല്ലാം ബോഡി പണിയുന്നത് ഏത് കമ്പനിയാണ്;

(എഫ്) എന്തു തുകയ്ക്കാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 200 ബസ്സുകൾ വാങ്ങാനാണ് ഓർഡർ നൽകിയത്.

(ബി) 29 എണ്ണം.

(സി) 29 എണ്ണം.

(ഡി) 171 എണ്ണം.

(ഇ) 1. ഹർഷാ വീൽ മോട്ടേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ്–ബാംഗ്ലൂർ
2. ഇരിസാർ റ്റി.വി.എസ്.–വിരാലിമല.
3. ഹൈടെക് ആട്ടോ–ആലപ്പുഴ.
4. പോപ്പുലർ മെഗാ മോട്ടോഴ്സ്–തിരുവനന്തപുരം.
5. കെ.എസ്.ആർ.ടി.സി. സെൻട്രൽ വർക്സ്–പാപ്പനംകോട്.

(എഫ്) ഒരു ബസ്സിന് 5,12,550 രൂപ.

പുതിയ കെ. എസ്. ആർ. ടി. സി. ബസ്സുകൾ

44 [531] ശ്രീ. പി. ടി തോമസ്:
„ ലൂഡി ലൂയിസ്:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് വേണ്ടി വാങ്ങി;

(ബി) ഏതെല്ലാം തരത്തിലുള്ള എത്രയെണ്ണം വീതമാണ് വാങ്ങിയത്;

(സി) അടുത്ത ഒരു വർഷത്തിനുള്ളിൽ എത്ര ബസ്സുകൾ കൂടി വാങ്ങാൻ ഉദ്ദേശ്യമുണ്ട് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 29 എണ്ണം.

(ബി) ടാറ്റാ ആന്റ് ലൈലാന്റ് - 29 എണ്ണം.

(സി) 520 ബസ്സുകൾ വാങ്ങാൻ ഉദ്ദേശ്യമുണ്ട്.

കെ. എസ്. ആർ. ടി. സി.-യുടെ വരുമാനം

45 [532] ശ്രീ. കെ. എ. ചന്ദ്രൻ:

„ എം. പി. ഗംഗാധരൻ:

„ പി. ശങ്കരൻ:

„ ടി. യു. രാധാകൃഷ്ണൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യുടെ ഒരു ദിവസത്തെ ശരാശരി വരുമാനം എത്രയാണ്;

(ബി) 2001 ജൂൺ 1-ന് മുമ്പുള്ള ഒരു വർഷത്തിൽ ഒരു ദിവസത്തെ ശരാശരി വരുമാനം എത്രയായിരുന്നു?

ഉത്തരം

(എ) 210 ലക്ഷം രൂപ

(ബി) 1,56,88,439 രൂപ.

കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനവും വരുമാനവും

46 [533] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യ്ക്ക് ഓരോ ജില്ലയിലുമുള്ള ഡിപ്പോകൾ, സബ് ഡിപ്പോകൾ, ബസ് സ്റ്റേഷനുകൾ എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഓരോന്നിന്റെയും ഷെഡ്യൂളുകളുടെ എണ്ണം എത്ര; ആകെയുള്ള ബസ്സുകൾ എത്ര; പ്രവർത്തനക്ഷമം അല്ലാത്ത ബസ്സുകൾ എത്ര; സ്പെയർപാർട്ട്സിന്റെ അഭാവംമൂലം ഓടിക്കുവാൻ കഴിയാത്ത ബസ്സുകളുടെ എണ്ണം എത്ര എന്നിവ വിശദമാക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly